LIBRARY ARCHIVES Kerala Legislative Assembly

ത്രിവേണിസ്റ്റോറുകളുടെയും നന്മസ്റ്റോറുകളുടെയും പ്രവർത്തനം

114 (459) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ വകുപ്പിനുകീഴിലുള്ള ത്രിവേണിസ്റ്റോറുകളുടെയും നന്മസ്റ്റോറുകളുടെയും പ്രവർത്തനത്തിന് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ സബ്സിഡിനിരക്കിലും ന്യായവിലയ്ക്കും ലഭ്യമാക്കാൻ സഹകരണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(സി) കൺസ്യൂമർഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വില്പന മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ വകുപ്പിന് കീഴിലുള്ള ത്രിവേണി സ്റ്റോറുകളുടെയും നന്മസ്റ്റോറുകളുടെയും പ്രവർത്തനത്തിന് സർക്കാർ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടില്ല. കൂടുതൽ ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ നിരക്കിൽ ത്രിവേണി സ്റ്റോറുകളിലൂടെയും പൊതുവിപണിയിൽ നിന്നും 20% വരെ വിലക്കുറവിൽ നന്മസ്റ്റോറുകളിലൂടെയും വിപണനം നടത്തുക എന്നതാണ് കൺസ്യൂമർഫെഡ് പാലിക്കുന്ന പ്രവർത്തന മാനദണ്ഡം. നന്മ പദ്ധതിക്കായി പ്രത്യേകം പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിന് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റികൾ മുഖേനയും കൺസ്യൂമർഫെഡ് മുഖേനയും നന്മ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ സാധാരണക്കാർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിലേക്കായി സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചിട്ടുള്ള നന്മസ്റ്റോറുകൾവഴി വർഷം മുഴുവനും കുറഞ്ഞ നിരക്കിൽ (പൊതുവിപണിയിൽ നിന്നും 20% വരെ) സാധനങ്ങൾ ലഭ്യമാക്കിവരുന്നു. വിലവർദ്ധനവിന് ഏറെ സാധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡും സംസ്ഥാന സഹകരണ വകുപ്പുമായി സഹകരിച്ച് ഉത്സവകാല സബ്സിഡി വിപണന മേളകൾ നടത്താറുണ്ട്. ഇവ നടത്തുന്നതിലൂടെ പൊതു വിപണിയിൽനിന്നും 15% മുതൽ 50% വരെ വില കുറയ്ക്കാൻ വ്യാപാരികൾ നിർബന്ധിതരായിട്ടുണ്ട്. കൂടാതെ,

LIBRARY ARCHIVES Kerala Legislative Assembly

ന്യായവിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണിസ്റ്റോറുകളിലൂടെയും സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോറുകളിലൂടെയും സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൺസ്യൂമർഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വിൽപ്പന മെച്ചപ്പെടുത്തുന്നതിനുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

ത്രിവേണി/നീതി/നന്മസ്റ്റോറുകളിലെ വിപണനം

115 (460) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ത്രിവേണി/നീതി സ്റ്റോറുകളിലും കൂടാതെ നന്മസ്റ്റോറുകളിലും വിപണനം നടത്തിവന്നിരുന്ന സാധനങ്ങളുടെ വില എത്രയായിരുന്നു ;

(ബി) തുടർന്ന് ഓരോ വർഷവും ഏപ്രിൽ ഒന്നിന് അവയുടെ വില എത്ര എന്നും 2015 മേയ് മാസത്തെ വില എത്ര എന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കാലയളവിലെ ഓരോ സാധനങ്ങൾക്കും വർദ്ധിച്ച വില എത്ര എന്നും ഏതെങ്കിലും സാധനങ്ങൾക്ക് കഴിഞ്ഞ സർക്കാരിനെക്കാൾ കുറവു വിലയുണ്ടോ എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ;

(ഡി) ത്രിവേണി /നീതി / നന്മസ്റ്റോറുകൾ (മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ) വിവിധ സാധനങ്ങൾ/ മരുന്നുകൾ എന്നിവയുടെ 2015 മേയ് മാസത്തിലെ വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ; ഒപ്പം ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ ;

(ഇ) ത്രിവേണി നീതി നന്മസ്റ്റോറുകളിൽ പൊതു ജനത്തിനാവശ്യമുള്ള അവശ്യ സാധനങ്ങളുടെ അഭാവം ഉണ്ടെന്നുള്ള പരാതിയുള്ളതിനാൽ നിലവിലെ സ്റ്റോക്കുവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിന് കീഴിൽ ത്രിവേണി/നന്മസ്റ്റോറുകളിലും വിവിധ സഹകരണ സംഘങ്ങളിലൂടെ നടത്തിവരുന്ന നീതി സ്റ്റോറുകളിലും ഒരു ലക്ഷത്തോളം വിവിധ ബ്രാന്റുകളിലുള്ള സാധനങ്ങളുടെ വിപണനം നടത്തിവരുന്നതിനാൽ എല്ലാ